# തേങ്ങയിടാൻ ആളെ വേണോ? ഫോണെടുക്കൂ, ഡയൽചെയ്യൂ...

കോട്ടയം: തേങ്ങയിടാൻ ആളെ കിട്ടാതെ വിഷമിക്കുന്നവർക്ക് ഒരു ശുഭവാർത്ത. ഫോണിൽ 9496241100 എന്ന നമ്പർ ഡയൽ ചെയ്യൂ.

ഉടൻ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' വീട്ടുമുറ്റത്തെത്തും. യൂണിഫോമും തിരിച്ചറിയൽ കാർഡുമെല്ലാമായി തികച്ചും 'മോഡേൺ' ആണ് ഈ സംഘം.

തേങ്ങയിടുന്നതിനുപുറമെ മറ്റ് തെങ്ങുസംരക്ഷണപ്രവർത്തനങ്ങൾക്കും ഇവർ റെഡി. ഈ 'മൊബൈൽ കോക്കനട്ട് ക്ലിനിക്ക്' ഒരുക്കിയിട്ടുള്ളത് കോട്ടയം അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയാണ് (കെ.എസ്.എസ്.എസ്.). നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററാണ് 'തെങ്ങിന്റെ ചങ്ങാതിമാരു'ടെ ആസ്ഥാനം.



കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി പരിസ്ഥിതിദിനത്തിൽ തുടക്കംകുറിക്കുന്ന 'തെങ്ങിന്റെ ചങ്ങാതിമാർ' നാളികേര സംരക്ഷണ സമിതിയുടെ ഫ്ലാഗ്ഓഫ് കർമ്മം ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കുന്നു. കളക്ടർ മിനി ആന്റണി, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ്, കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ദീപ്തി എസ്. നായർ, തെങ്ങിന്റെ ചങ്ങാതിമാർ എന്നിവർ സമീപം

നാളികേര സംരക്ഷണ സന്ദേശങ്ങളും തെങ്ങിന്റെ ദൃശ്യാവിഷ്കാരങ്ങളുമെല്ലാമായി പ്രത്യേകം ക്രമീകരിച്ച വാഹനത്തിലാണ് ഇവർ എത്തുക. തേങ്ങയിടീൽ, തെങ്ങുതെളിക്കൽ, തെങ്ങുകയറ്റ പരിശീലനം, നാളികേര സംരക്ഷണ നിർദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ ഇവരിൽ നിന്ന് ലഭിക്കും.

കെ.എസ്.എസ്.എസ്സും നാളികേര വികസന ബോർഡും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ 143 പേർ തെങ്ങുകയറ്റ പരിശീലനം പൂർത്തിയാക്കി. ഇവരിൽനിന്ന് തിരഞ്ഞെടുത്ത 13 പേരെയാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ സംഘത്തിൽ പുരുഷന്മാർക്കൊപ്പം വനിതകളും ഉണ്ടെന്നതാണ് പ്രത്യേകത. ലോക പരിസ്ഥിതിദിനമായ ജൂൺ അഞ്ചുമുതൽ പദ്ധതിയുടെ സേവനം ലഭ്യമാകുമെന്ന് കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അറിയിച്ചു.